**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1975** **04-02-2026 - ൽ മറുപടിയ്ക്ക്**

**അരുമമൃഗങ്ങളുടെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അരുമമൃഗങ്ങളെ തെരുവോരങ്ങളിൽ ഉപേക്ഷിക്കുന്ന പ്രവണത കോവിഡ് കാലഘട്ടത്തിനുശേഷം വളരെയധികം വർദ്ധിച്ച് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് വീട്ടിൽ വളർത്തുന്ന നായ്ക്കളെ തെരുവിൽ വിടുന്നത് തടയുവാൻ നിർബന്ധിത പെറ്റ് ഡോഗ് ലൈസൻസ് എടുക്കുന്നതിനും വന്ധ്യംകരണം നടത്തുന്നതിനും ചിപ്പ്, ബെൽറ്റ് എന്നീ സംവിധാനങ്ങൾ നടപ്പിലാക്കുന്നതിനും തദ്ദേശ സ്വയംഭരണ വകുപ്പിൽ പെറ്റ് ഡോഗ് ലൈസൻസ് റൂൾ തയ്യാറാക്കുന്നുണ്ട്. ഇതിലേക്കായി മൃഗസംരക്ഷണ വകുപ്പ് സാങ്കേതികസഹായങ്ങളും, ഉപദേശങ്ങളും നൽകി വരുന്നുണ്ട്. |
| (ബി) | ഇത്തരത്തിൽ ഉപേക്ഷിക്കപ്പെടുന്ന മൃഗങ്ങളെ സംരക്ഷിക്കാനും പുനരധിവസിപ്പിക്കാനും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുമായി ചേർന്ന് ഷെൽട്ടർ ഹോമുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ; | (ബി) | ഉണ്ട്. തെരുവിൽ ഉപേക്ഷിക്കപ്പെടുന്ന അരുമമൃഗങ്ങളെ സംരക്ഷിക്കുന്നതിനും പുനരധിവസിക്കുന്നതിനുമായി ഷെൽട്ടർ സ്ഥാപിക്കുന്നതിന്റെ ചുമതല തദ്ദേശ സ്വയംഭരണ വകുപ്പിനാണ്. ഇതിനായി തദ്ദേശ സ്വയംഭരണ ഉദ്യോഗസ്ഥരും, മൃഗസംരക്ഷണവകുപ്പ് ഉദ്യോഗസ്ഥരും സംയുക്തമായി ജില്ലാതലത്തിൽ ഷെൽട്ടറുകൾ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഷെൽട്ടറുകൾ സ്ഥാപിക്കുന്നതിന്റെയും വിപുലീകരിക്കുന്നതിന്റെയും പ്രാരംഭമായി എല്ലാ മൃഗക്ഷേമ സംഘടനകളുടെയും, മൃഗസ്നേഹികളുടെയും, സർക്കാരിതര സംഘടനകളുടെയും യോഗം ജില്ലാതലത്തിൽ വിളിച്ചു ചേർത്തിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് അരുമ മൃഗങ്ങളെ വളർത്തുന്നവർക്ക് ഉടമസ്ഥത/പെറ്റ് ഓണർഷിപ്പ് നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (സി) | സംസ്ഥാനത്ത് അരുമ മൃഗങ്ങളെ വളർത്തുന്നവർക്ക് ഉടമസ്ഥത/പെറ്റ് ഓണർഷിപ്പ് നടപ്പിൽ വരുത്തുന്നതിനായി ചട്ടം രൂപീകരിക്കുന്ന വിഷയം സർക്കാരിന്റെ (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ) പരിഗണയിലാണ്. ഈ നടപടികളിൽ മൃഗസംരക്ഷണ വകുപ്പ് തദ്ദേശസ്വയംഭരണ വകുപ്പിന് സാങ്കേതിക ഉപദേശങ്ങൾ നൽകി സഹകരിക്കുന്നുണ്ട്. ഈ റൂൾ |

| | | | |
|---|---|---|---|
| | | | നിലവിൽ വരുന്ന മുറയ്ക്ക് അരുമമൃഗങ്ങളെ തെരുവുകളിൽ ഉപേക്ഷിക്കുന്നവർക്കെതിരെ നടപടികൾ സ്വീകരിക്കുവാൻ കഴിയുന്നതാണ്. |
| (ഡി) | വളർത്തു മൃഗങ്ങളെ തെരുവിൽ ഉപേക്ഷിക്കുന്നവർക്ക് പിഴ ഏർപ്പെടുത്താനും നിയമനടപടികൾ സ്വീകരിക്കുവാനും തീരുമാനിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ? | (ഡി) | സംസ്ഥാനത്ത് അരുമ മൃഗങ്ങളെ വളർത്തുന്നവർക്ക് ഉടമസ്ഥത/പെറ്റ് ഓണർഷിപ്പ് നടപ്പിൽ വരുത്തുന്നതിനായി ചട്ടം രൂപീകരിക്കുന്ന വിഷയം സർക്കാരിന്റെ (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ) പരിഗണയിലാണ്. ഈ നടപടികളിൽ മൃഗസംരക്ഷണ വകുപ്പ് തദ്ദേശസ്വയംഭരണ വകുപ്പിന് സാങ്കേതിക ഉപദേശങ്ങൾ നൽകി സഹകരിക്കുന്നുണ്ട്. ഈ റൂൾ നിലവിൽ വരുന്ന മുറയ്ക്ക് അരുമമൃഗങ്ങളെ തെരുവുകളിൽ ഉപേക്ഷിക്കുന്നവർക്കെതിരെ നടപടികൾ സ്വീകരിക്കുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ